

# ഷിഫ അൽ ജസീറ പ്രവാസി കലോൽസവം:
# അബ്ബാസിയ സോൺ ഓവറോൾ ചാമ്പ്യന്മാർ

**അബ്ബാസിയ:** ആയിരത്തോളം വരുന്ന പ്രവാസി കലാകാരൻമാരുടെ സർഗവിസ്മയങ്ങളും കുരുന്നുഭാവനകളുടെ വിസ്മയക്കാഴ്ചകളും നിറഞ്ഞ ഷിഫാ അൽ ജസീറ പ്രവാസി കലോൽസവത്തിന് ആവേശകരമായ പരിസമാപ്തി. 'സർഗശക്തി സമൂഹനന്മക്ക്' എന്ന പ്രമേയവുമായി കുവൈത്തിലെ പ്രവാസി മലയാളികൾക്കായി അബ്ബാസിയ ഇന്ത്യൻ സെൻട്രൽ സ്കൂളിൽ യൂത്ത് ഇന്ത്യ സംഘടിപ്പിച്ച പ്രവാസി കലോൽസവത്തിൽ 250 പോയിന്റ് നേടി അബ്ബാസിയ സോൺ ഓവറോൾ ചാമ്പ്യൻമാരായി. 217 പോയിന്റ് നേടി ഫഹാഹീൽ ഗ്രീൻസ് റണ്ണേഴ്സ് അപ് ട്രോഫി കരസ്ഥമാക്കിയപ്പോൾ തൊട്ടുപിന്നിൽ 214 പോയിന്റ് നേടി സാൽമിയ യെല്ലോസ് മൂന്നാം സ്ഥാനക്കാരായി.

വിന്നേഴ്സ് ട്രോഫി കെ.ഐ.ജി പ്രസിഡന്റ് സക്കീർ ഹുസൈൻ തുവ്വൂരിൽനിന്ന് അബ്ബാസിയ ക്യാപ്റ്റൻ ഗഫൂർ പാപ്പിനിശ്ശേരിയും, റണ്ണേഴ്സ് അപ് ട്രോഫി യൂത്ത് ഇന്ത്യ പ്രസിഡന്റ് അർഷദിൽ നിന്ന് ഫഹാഹീൽ ക്യാപ്റ്റൻ ഹജിനാസും ഏറ്റുവാങ്ങി.

ഗ്രൂപ്പ് മൽസരങ്ങളായ സ്കിറ്റ്, ഗാനചിത്രീകരണം, ടാബ്ലോ എന്നിവ സമകാലീന സാമൂഹിക രാഷ്ട്രീയ സംഭവവികാസങ്ങളുടെ കലാവിഷ്കാരവും നീതിനിഷേധങ്ങൾക്കെതിരെയുള്ള രോഷപ്രകടനവുമായി. തിൻമയുടെ ശക്തികൾ കൈയടക്കിവെച്ചിരിക്കുന്ന കലാരംഗത്തെ എങ്ങനെ നന്മയുടെ പ്രചാരണത്തിന് ഉപയോഗിക്കാമെന്നതിന്റെ ഉത്തമ നിദർശനമായിരുന്നു കലോൽസവത്തിലെ പരിപാടികൾ. കലോൽസവത്തോടനുബന്ധിച്ച് കുരുന്നുകൾ മുതൽ മുതിർന്നവർ വരെ ഒന്നിച്ചണിനിരന്ന നിറക്കൂട്ട് ചിത്രരചനാ മൽസരവും ഓപൺ കാൻവാസ് പെയിന്റിംഗ് മൽസരവും അരങ്ങേറി.

വിവിധ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി വ്യക്തിഗത ചാമ്പ്യൻഷിപ്പ് നേടിയവർ. പുരുഷൻമാർ: ഗഫൂർ പാപ്പിനിശ്ശേരി(അബ്ബാസിയ), സ്ത്രീകൾ: മെഹ്ബൂബ അനീസ്(ഫർവ്വാനിയ),ജാസ്മിൻ ഷുക്കൂർ(അബ്ബാസിയ), സീനിയർ ബോയ്സ്: മുഹമ്മദ് ബാസിൽ ഹബീബ്(സാൽമിയ), സീനിയർ ഗേൾസ്: അമൽ അൻവർസഈദ് (അബ്ബാസിയ),ജൂനിയർ ബോയ്സ്:അഫീഫ്, സബാഹ് ഫാഹിസ് ഫൈസൽബാബു (സാൽമിയ), ജൂനിയർ ഗേൾസ്: മിന അൻവർ സഈദ്(അബ്ബാസിയ), സബ്ജൂനിയർ ബോയ്സ് :അബ്ദുസ്സലാം ഷൗക്കത്ത് കോറോത്ത്(സാൽമിയ), സബ് ജൂനിയർ ഗേൾസ് : സമാ ഉമ്മർ(ഫർവ്വാനിയ സോൺ), കിഡ്സ്: കാശിനാഥ് എസ്.എസ് (ഫഹാഹീൽ സോൺ) സാജിദ് എസി, നജീബ് എം.കെ, ഖലീലുറഹ്മാൻ, മഹ്നാസ്, ഫസ്ലുൽ ഹഖ്, കെ.വി ഫൈസൽ, ഫിറോസ് ഹമീദ്, ഹഫീസ് ഇസ്മാഈൽ, പി.ടി ഷരീഫ്, നസീം, ആഇശ ഫൈസൽ പരിപാടികൾ നിയന്ത്രിച്ചു.

നൈസാം(പ്രചാരണം), അനീസ് അബ്ദുസ്സലാം,അൻവർ ഷാജി(ജഡ്ജസ്), ലായിക് അഹമ്മദ്(സ്റ്റേജ് & അക്കമഡേഷൻ), മഹ്ബൂബ്(വെന്യൂ ഡെക്കറേഷൻ) നജീബ് സി.കെ (ഫൈനാൻസ്), ഫാഹിസ് കെ.വി(പ്രൈസ്), ഷാഫി കോയമ്മ(സപ്ലിമെന്റ്), ഹാറൂൺ (വളണ്ടിയർ), സലീം (സ്റ്റേഷനറി), നിസാർ (റിസപ്ഷൻ), റിഷ്ദിൻ, മഹ്സൂം, മിഷാൽ( ഡോക്യുമെന്റേഷൻ & ഐ.ടി) എന്നിവർ വിവിധ വകുപ്പുകൾ നിയന്ത്രിച്ചു. പ്രവാസി കലോൽസവം ജനറൽ കൺവീനർ റഫീഖ് ബാബു പരിപാടികൾക്ക് നേതൃത്വം നൽകി.

സമാപനസമ്മേളനത്തിൽ യൂത്ത് ഇന്ത്യ പ്രസിഡന്റ് അർഷദ് അധ്യക്ഷത വഹിച്ചു. ഏഷ്യൻ കൾച്ചറൽ ഫോറം ഡയറക്ടർ അബ്ദുൽ അസീസ് അൽ ദുവൈജ് മുഖ്യാതിഥിയായിരുന്നു. കെ.ഐ.ജി പ്രസിഡന്റ് സക്കീർ ഹുസൈൻ തുവ്വൂർ ആശംസകളർപ്പിച്ചു.

യൂത്ത് ഇന്ത്യ ജനറൽ സെക്രട്ടറി പി.ടി ഷാഫി, ഷിഫാ അൽജസീറ മാർക്കറ്റിംഗ് മാനേജർ നിഥിമേനോൻ, അഫ്സൽഖാൻ( മലബാർ ഗോൾഡ്), ജുനൂബ് (ഗൾഫ് *മാധ്യമം*), ബഷീർ മൊയ്തീൻ (അൽ ഫവാർസിയ), ഫിറോസ് സാലി മുഹമ്മദ്, മെലീന, പി.ആർ പ്രവീൺ, കൈപ്പട്ടൂർ തങ്കച്ചൻ, പി.ഡി പൗലോസ്, അൻവർ സഈദ്, ഷബീർ മണ്ടോളി, വർദ, സത്താർ കുന്നിൽ, ഫൈസൽ മഞ്ചേരി, അഷ്റഫ് കാളത്തോട്, അസീസ് തിക്കോടി, വി.പി ഷൗക്കത്തലി, കെ.അബ്ദുർറഹ്മാൻ എന്നിവർ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

## ഫാദർ രജി ഡാൻ കെ. ഫിലിപ്പോസിന് യാത്രാമംഗളം



*ബഹ്റൈനിൽ നിന്ന് യാത്രയാകുന്ന ഫാദർ രജി ഡാൻ കെ. ഫിലിപ്പോസിന് കെ.ഐ.ജി പ്രസിഡൻറ് സഈദ് റമദാൻ നദ്വി ഉപഹാരം നൽകുന്നു*

**മനാമ:** ബഹ്റൈനിലെ സേവനം മതിയാക്കി കേരളത്തിലേക്ക് യാത്രതിരിക്കുന്ന ബഹ്റൈൻ മാർത്തോമാ ചർച്ച് അസി. വികാരി ഫാ. രജി ഡാൻ കെ. ഫിലിപ്പോസിന് കെ.ഐ.ജി ബഹ്റൈൻ സംഘം സന്ദർശിച്ച് യാത്രാ മംഗളങ്ങൾ നേർന്നു. കെ.ഐ.ജിയുമായും യൂത്ത് ഇന്ത്യയുമായും വളരെ ഊഷ്മളബന്ധം കാത്തുസൂക്ഷിക്കാൻ തന്റെ ബഹ്റൈനിലെ ജീവിതത്തിനിടയിൽ സാധിച്ചതായി അദ്ദേഹം പറഞ്ഞു. നാട്ടിലെത്തിയാലും മനുഷ്യനന്മക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ മത-ജാതി വിഭാഗീയതകൾക്കതീതമായി പങ്കെടുക്കും. തന്നെ സ്നേഹിക്കുകയും വിവിധ സന്ദർഭങ്ങളിൽ കേൾക്കുകയും പ്രോത്സാപ്പിക്കുകയും ചെയ്തതിന് അദ്ദേഹം നന്ദി പ്രകാശിപ്പിച്ചു. കെ.ഐ.ജിയുടെ സ്നേഹോപഹാരം പ്രസിഡന്റ് സഈദ് റമദാൻ നദ്വി ഫാദറിന് സമ്മാനിച്ചു. വൈ. പ്രസിഡന്റ് ജമാൽ ഇരിങ്ങൽ, വി.കെ നൗഫൽ, എം. അബ്ബാസ്, അബ്ദുൽ ഗഫൂർ, എം.എം സുബൈർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

# കേരളത്തിന്റെ പുനഃസ്യഷ്ടിക്ക് ഒന്നിച്ച് യത്നിക്കണം

**ദോഹ:** സൗഹൃദ കേരളത്തിൻെറ പുനഃസ്യഷ്ടിക്കായി മത, സാമൂഹിക, രാഷ്ട്രീയ നേതൃത്വങ്ങൾ ഒന്നിച്ച് പ്രവർത്തിക്കണമെന്ന് ദോഹ ഇന്റർ നാഷ്നൽ സെന്റർ ഫോർ ഇൻറർ ഫെയ്ത് ഡയലോഗുമായി സഹകരിച്ച് ഫ്രന്റ്സ് കൾച്ചറൽ സെന്റർ സംഘടിപ്പിച്ച സൗഹൃദ സെമിനാർ. സമ്മേളനം നടന്ന മുൻതസ അബൂബക്കർ സിദ്ധീഖ് ഇൻഡിപെൻഡൻറ് സ്കൂളിലെ നിറഞ്ഞ സദസ്സിനെ അഭിസംബോധനം ചെയ്ത പ്രമുഖരുടെ പ്രഭാഷണങ്ങൾ വർത്തമാന കേരളത്തിന്റെ ആശങ്കകൾ പങ്കുവെക്കുന്നതും ഭാവി കേരളത്തിന്റെ സാമൂഹിക സൗഹൃദത്തിലേക്കും വികസനത്തിലേക്കും വിരൽ ചൂണ്ടുന്നതുമായിരുന്നു.

ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും മലയാളികളുണ്ടായിരുന്നിട്ടും മലയാള നാടിന് പുതിയ വികസന ചിന്തകൾ പകരുവാൻ ആർക്കും സാധ്യമാവുന്നില്ലെന്നും ഹരിത കേരളത്തെ വെട്ടി നിരപ്പാക്കാനുള്ള ശ്രമമാണ് ഇന്ന് നടക്കുന്നതെന്നും ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി ഗുരു രത്നം ജ്ഞാന തപസ്വി അഭിപ്രായപ്പെട്ടു. അതിന്റെ ഫലമായി കേരളം ഇന്ന് വരൾച്ച അനുഭവിക്കുന്നു. കൃഷി പുനരുജ്ജീവിപ്പിക്കാൻ ശ്രമങ്ങൾ ഉണ്ടാവണമെന്നും കേരളത്തിന്റെ പ്രകൃതിയും ആവാസ വ്യവസ്ഥയും നിലനിർത്തി കൊണ്ട് ആരോഗ്യകരമായ ജീവിതം കെട്ടിപ്പടുക്കാൻ കേരളത്തിലെ രാഷ്ട്രീയ സാമൂഹിക മതരംഗങ്ങളിലുള്ളവർ ഒന്നിച്ചു പ്രവർത്തിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ഭാഷയിലും വേഷത്തിലും തൊഴിലിടങ്ങളിലും നിരന്തരമായി മലയാളി മാറികൊണ്ടിരിക്കുമ്പോഴും അവരുടെ ബന്ധങ്ങളിൽ വിള്ളലുകൾ കാണുന്നത് ആശങ്കാജനകമാണെന്ന് തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജ് മുൻ പ്രിൻസിപ്പലും തിരുവനന്തപുരം മലങ്കര കാത്തലിക്ക് സിറിയൻ ചർച്ചിലെ വികാരിയുമായ ഡോ. മനങ്കരകാവിൽ ഗീവർഗിസ് മാത്യു അഭിപ്രായപ്പെട്ടു. ബന്ധങ്ങൾ ഫേസ് ബുക്കിൽ ഒതുങ്ങുന്ന ഈ കാലത്ത് കുട്ടികൾ അവരുടെ ലോകത്തേക്ക് ചുരുങ്ങുകയും മാതാപിതാക്കളെ വൃദ്ധസദനങ്ങളിലേക്ക് തള്ളുകയും ചെയ്യുന്നു. നമുക്ക് നഷ്ടമാകുന്ന സാമുദായിക സൗഹാർദം തിരിച്ചുപിടിക്കണമെങ്കിൽ എല്ലാ മതവിഭാഗങ്ങളും തങ്ങളുടെ പൊതുവായ മൂല്യങ്ങളെ മുറുകെപിടിച്ച് ജീവിതം നയിക്കണമെന്നും മൂല്യങ്ങൾ സൂക്ഷിക്കുന്ന ഒരു സമൂഹത്തിനേ നാളെയുടെ പ്രതീക്ഷയാകാൻ സാധിക്കുകയുള്ളുവെന്നും അദ്ദേഹം പറഞ്ഞു.

സംവാദങ്ങൾ സൗഹാർദത്തിലേക്ക് നയിക്കുന്നതാവണമെന്നും ജാതി മത സൗഹാർദങ്ങൾക്ക് ആരോഗ്യകരമായ സംവാദങ്ങൾ നിരന്തരമുണ്ടാകണമെന്നും തിരുവനന്തപുരം പാളയം ജുമാ മസ്ജിദ് ഇമാം മൗലവി ജമാലുദ്ദീൻ മങ്കട അഭിപ്രായപ്പെട്ടു. കേരളത്തിന്റെ പാരമ്പര്യം ഉൾകൊള്ളലിന്റെയും നൽകുന്നതിന്റേതുമാണ്. വിദ്യാഭ്യാസമുള്ളവരുണ്ടെങ്കിലും വിവേകമുള്ളവരുടെ അഭാവം കേരളത്തെ വേട്ടയാടുന്നു. ദൈവത്തിനുള്ള ആരാധനകൾപോലും ഉദ്ദിഷ്ട കാര്യലാഭത്തിന്നു വേണ്ടി ചുരുങ്ങുകയാണ്. പുതിയ തലമുറയെ സൗഹൃദത്തിൻെറ വഴിക്ക് നടത്താൻ നമ്മുടെ കുട്ടികൾക്ക് ഒന്നിപ്പിന്റെ ബാലപാഠങ്ങൾ നാം അഭ്യസിപ്പിക്കണം. മത രാഷ്ട്രീയ, സാമൂഹിക സാംസ്കാരിക മേഖലകളിലുള്ളവർ ഒന്നിച്ചു നിന്നുകൊണ്ടാണ് ഇതിനായുള്ള ശ്രമങ്ങൾ നടത്തേണ്ടത്. അദ്ദേഹം പറഞ്ഞു.

പ്രവാസി സമൂഹത്തിലെ സൗഹൃദം നമ്മുടെ സാമൂഹിക സാംസ്കാരിക രംഗങ്ങളിലേക്ക് പകർത്താൻ സാധിച്ചാൽ കേരളത്തിൽ അതിന്റെ അനുരണനങ്ങളുണ്ടാവുമെന്ന് ഉപസംഹാര പ്രസംഗം നടത്തിയ *മീഡിയ വൺ* ടി.വി. മാനേജിംഗ് ഡയറക്ടർ ഡോ. അബ്ദുസ്സലാം വാണിയമ്പലം അഭിപ്രായപ്പെട്ടു. അശുഭകരമായ ചർച്ചകളിൽനിന്ന് കേരളത്തെ രക്ഷിക്കാൻ മുഴുവൻ മനുഷ്യരും ഒന്നിച്ചു നിൽക്കണമെന്നും സഹജീവികളോടുള്ള ആത്മബന്ധങ്ങൾക്ക് മതമോ ജാതിയോ തടസ്സമാവരുതെന്നും അദ്ദേഹം പറഞ്ഞു.



*ഗുരു രത്നം ജ്ഞാന തപസ്വി/ ഡോ. മനങ്കരകാവിൽ ഗീവർഗിസ് മാത്യു /ജമാലുദ്ദീൻ മങ്കട/ഡോ. അബ്ദുസ്സലാം വാണിയമ്പലം*

### കെ.ഐ.ജി മനാമ ഏരിയാ സമ്മേളനം:

## ഗാനവിരുന്ന് സംഘടിപ്പിച്ചു

**മനാമ:** 'കുടുംബത്തോടൊപ്പം സ്വർഗത്തിലേക്ക്' എന്ന തലക്കെട്ടിൽ കെ.ഐ.ജി സംഘടിപ്പിക്കുന്ന ഏരിയാ സമ്മേളനങ്ങളുടെ ഭാഗമായി മനാമ ഏരിയ ഗാനവിരുന്ന് സംഘടിപ്പിച്ചു. മനാമ അന്തലുസ് ഗാർഡനിൽ നടന്ന പരിപാടിയിൽ അഫ്റ, നഹാൻ ഗഫൂർ, അമൽ, മർയം ഹലീമ, റഫീഖ്, പി.പി ജാസിർ, അബ്ദുൽ ഗഫൂർ കുമരനല്ലൂർ ഗാനമാലപിച്ചു. എം. അബ്ബാസ് ആമുഖ പ്രസംഗം നടത്തി. കെ.ഐ.ജി പ്രസിഡന്റ് സഈദ് റമദാൻ നദ്‌വി സമാപനം നിർവഹിച്ചു. ജമീല ഇബ്റാഹീം, റഷീദ സുബൈർ, വി.പി ഷൗക്കത്തലി , സി.എം മുഹമ്മദലി നേതൃത്വം നൽകി.

### കെ.ഐ.ജി ഏരിയാ സമ്മേളനം:

## ഹെന്ന ഫെസ്റ്റും പായസ മത്സരവും

മനാമ: 'കുടുംബത്തോടെ സ്വർഗത്തിലേക്ക്' എന്ന പ്രമേയത്തിൽ സൽമാനിയ ഖാദിസിയ്യ ക്ലബ്ബിൽ നടക്കുന്ന മനാമ ഏരിയാ സമ്മേളനത്തിന്റെ ഭാഗമായി മനാമ ഏരിയ വനിതകൾക്കായി പായസ മത്സരവും ഹെന്ന ഫെസ്റ്റും സംഘടിപ്പിച്ചു. കെ.ഐ.ജി ഗഫൂൾ ഓഡിറ്റോറിയത്തിൽവെച്ച് നടന്ന മത്സരങ്ങളിൽ നിരവധി പേർ പങ്കെടുത്തു. മുംതാസ് അശ്റഫ്, ഫസീല ഹാരിസ്, റഷീദ സുബൈർ, സമീറ നൗഷാദ്, ജമീല ഇബ്റാഹീം, സാജിദ സലീം നേതൃത്വം നൽകി.

# 'മക്തബ മക്ക' നീക്കം ചെയ്യുകയില്ലെന്ന്



**പ്രവാചകൻ** മുഹമ്മദ് മുസ്ത്വഫ (സ)യുടെ ജന്മ സ്ഥലമെന്ന് ചരിത്രം രേഖപ്പെടുത്തിയ സ്ഥലത്ത് ഇപ്പോൾ ഒരു ലൈബ്രറി (മക്തബ മക്ക) ഉണ്ട്. ഹജ്ജ്-ഉംറ തീർഥാടകരായി മക്കയിലെത്തുന്ന അധികമാർക്കും ഇക്കാര്യം അറിയാത്തതുകൊണ്ടും പ്രസ്തുത പ്രദേശം പ്രത്യേക നിരീക്ഷണത്തിലായതുകൊണ്ടും ഇപ്പോഴും സാധാരണ പോലെ ലൈബ്രറി മക്കയിലെ മസ്ജിദുൽ ഹറാമിന്റെ തിരുമുറ്റത്ത് സ്ഥിതിചെയ്യുന്നു. അങ്ങനെയിരിക്കെയാണ്, ഹറം വികസനത്തിന്റെ ഭാഗമായി ചുറ്റുപാടുമുള്ള കെട്ടിടങ്ങൾ നീക്കം ചെയ്തപ്പോൾ പ്രസ്തുത ലൈബ്രറിയും മാറ്റുമെന്ന കിംവദന്തി സോഷ്യൽ മീഡിയയിൽ കൊടുങ്കാറ്റായി ആഞ്ഞടിച്ചത്. ആർക്കും എന്തും പ്രസിദ്ധീകരിക്കാമെന്ന 'സാധ്യത' പരമാവധി മുതലെടുത്തായിരുന്നു പ്രചാരണം. അതോടെ 'മക്തബ മക്ക' നീക്കം ചെയ്യുന്ന പ്രശ്നമില്ലെന്നും അതുമായി ബന്ധപ്പെട്ട പ്രത്യേക കൽപന ഹറം വികസന അതോറിറ്റിക്ക് നൽകിയിട്ടുണ്ടെന്നും മക്ക മുനിസിപ്പാലിറ്റി വിശദീകരണവുമായി രംഗത്ത് വന്നു.

നബി (സ) യുടെ കുടുംബമായ ബനൂഹാശിം ഗോത്രം താമസിച്ചിരുന്ന പ്രദേശമായിരുന്നു ഇത്. നബി ജനിച്ച സ്ഥലത്ത് ഒരു പള്ളിയുണ്ടായിരുന്നതായും എന്നാൽ ജനങ്ങൾ ഇവിടെ 'തബർറുകി'ന് വന്നു തുടങ്ങിയതോടെ പള്ളി പൊളിച്ചു മാറ്റിയതായും ചില ചരിത്ര രേഖകളുണ്ട്. അതിനു ശേഷം ഹിജ്റ വർഷം 1371 ൽ അന്നത്തെ സുഊദി ഭരണാധികാരി അബ്ദുൽ അസീസ് രാജാവിന്റെ അനുമതിയോടെ മക്കയിലെ ശൈഖ് അബ്ബാസ് അൽഖത്താൻ പ്രസ്തുത സ്ഥലത്ത് ലൈബ്രറി സ്ഥാപിച്ചു. പല തവണകളിലായി ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾക്ക് വിധേയമായ ശേഷവും അതേ ലൈബ്രറി കെട്ടിടമാണ് ഹറമിന്റെ കൺമുമ്പിൽ തലയുയർത്തി നിൽക്കുന്നത്. ■

# സ്വീഡനിലെ പള്ളി മിനാരത്തിൽനിന്ന് ആദ്യമായി ബാങ്കൊലി



**ഏപ്രിൽ** 26 വെള്ളിയാഴ്ച സ്വീഡിഷ് മുസ്‌ലിംകൾക്ക് ഭക്തിയുടെ ഉൽസവ ദിനമായിരുന്നു. അന്നാണ് സ്വീഡനിലാദ്യമായി പള്ളിമിനാരത്തിൽനിന്ന് ബാങ്കൊലി ഉയർന്ന് കേട്ടത്. അനേക വർഷങ്ങളുടെ അപേക്ഷകൾക്കും കാത്തിരിപ്പിനുമൊടുവിൽ ദക്ഷിണ സ്റ്റോക്ഹോമിനടുത്ത ഫിറ്റ്ജ പള്ളി(Fittja Grand Mosque)യിൽ നിന്നുയർന്ന ജുമുഅ ബാങ്ക്‌വിളിക്ക് സാക്ഷികളാകാൻ സ്വീഡിഷ് മുസ്‌ലിംകൾ കൂട്ടമായെത്തി. ചരിത്ര നിമിഷമെന്നാണ് സംഭവത്തെ, 13 വർഷം മുമ്പ് ഇസ്‌ലാമിലേക്ക് കടന്നുവന്ന ഒരു സ്വീഡിഷ് പൗരൻ വിശേഷിപ്പിച്ചത്. 25 വർഷത്തോളമായി സ്വീഡനിൽ കഴിയുന്ന താൻ ആദ്യമായാണ് ബാങ്ക്‌വിളി കേൾക്കുന്നതെന്ന് സന്തോഷത്തിന്റെ അശ്രുകണങ്ങൾ തുടച്ചുകൊണ്ട് മറ്റൊരു സ്വീഡിഷ് മുസ്‌ലിം വനിത പറഞ്ഞു.

സ്വീഡനിലെ മിനാരമുള്ള ഏക പള്ളിയാണ് ഫിറ്റ്ജ ഗ്രാൻഡ് മോസ്ക്. സ്പീക്കറിലൂടെ പള്ളി മിനാരത്തിൽനിന്ന് ആദ്യമായുതിർന്ന ബാങ്കിന്റെ ശബ്ദം സ്വീഡിഷ് സ്റ്റേറ്റ് ടി.വി ലൈവായി പ്രക്ഷേപണം ചെയ്തു. വെള്ളിയാഴ്ചകളിൽ 12-നും ഒരു മണിക്കുമിടയിൽ അഞ്ചു മിനിറ്റ് സമയത്തിനുള്ളിൽ ബാങ്ക് വിളിക്കാനാണ് ഇപ്പോൾ അനുമതി ലഭിച്ചിട്ടുള്ളത്. 2011-ലെ കണക്കു പ്രകാരം ഒമ്പതു ദശലക്ഷം വരുന്ന സ്വീഡിഷ് ജനസംഖ്യയിൽ അഞ്ചു ലക്ഷത്തോളം മുസ്‌ലിംകളുണ്ട്. ■

## ‘ഖുബ്സ്’ (റൊട്ടി) വിൽക്കുന്ന ഈജിപ്ഷ്യൻ മന്ത്രി

**അറബ്** വിപ്ലവത്തെ തുടർന്ന് അധികാരത്തിലെത്തിയ ഇസ്‌ലാമിസ്റ്റുകളിൽ ചിലരെങ്കിലും ഇസ്‌ലാമിലെ ‘ഖലീഫ’ മാരുടെ ചരിത്രം ഓർത്തെടുക്കാൻ സഹായകമായ ഭരണരീതി പിന്തുടരുന്നു. ഈയിടെ അത്തരത്തിലുള്ള ഒരു സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടത് മുസ്‌ലിം ബ്രദർഹുഡ് ഭരിക്കുന്ന ഈജിപ്തിൽനിന്നാണ്. ഈജിപ്തിലെ ഭക്ഷ്യ മന്ത്രി ബാസിം ഔദ ഈജിപ്തുകാരുടെ മുഖ്യ ഭക്ഷണമായ ‘ഖുബ്സ്’ (റൊട്ടി) വിൽക്കുന്ന ചിത്രമാണ് ദേശീയ ടെലിവിഷൻ



● ബാസിം ഔദ

ലൈവായി പ്രദർശിപ്പിച്ചത്. പ്രസ്തുത രംഗം സോഷ്യൽ മീഡിയ പകർത്തി ലക്ഷങ്ങൾക്കെത്തിച്ചു.

ഈജിപ്തിലെ മീത് ഖമറിൽ റൊട്ടി വിൽപന നടത്തുന്ന ഒരു ബേക്കറിയിൽ റൊട്ടിയുടെ ഗുണനിലവാരം പരിശോധിക്കാനെത്തിയതായിരുന്നു മന്ത്രി. ബേക്കറിയിൽ റൊട്ടി വാങ്ങാനെത്തിയവരോട് ഗുണനിലവാരത്തെക്കുറിച്ച് അന്വേഷിച്ച മന്ത്രി അവർക്ക് സാധനം എടുത്തു കൊടുക്കാനും തയാറായി. റൊട്ടിയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കടക്കാരനോടാവശ്യപ്പെട്ടാണ് ബാസിം ഔദ മടങ്ങിയത്. ■

## ഡോ. യൂസുഫുൽ ഖറദാവി ഗസ്സ സന്ദർശിക്കും




**ലോക** പ്രശസ്ത ഇസ്‌ലാമിക ചിന്തകനും പണ്ഡിതനും ലോക മുസ്‌ലിം പണ്ഡിത സഭാ അധ്യക്ഷനുമായ ഡോ. യൂസുഫുൽ ഖറദാവി മെയ് ആദ്യവാരം ഫലസ്തീനിലെ ഗസ്സ നഗരം സന്ദർശിക്കും. ഗസ്സയിലെ ഹമാസ് ഭരണകൂടത്തിന്റെ ദീനി ഔഖാഫ് കാര്യ മന്ത്രി ഇസ്മാഈൽ രിദ്‌വാനാണ് ഇക്കാര്യം അറിയിച്ചത്. പണ്ഡിതരും പ്രമുഖരുമടങ്ങുന്ന സംഘം ഖറദാവിയെ അനുഗമിക്കുമെന്നും അദ്ദേഹം പറഞ്ഞു. ലോകത്തിലെ ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന പോരാട്ട ഭൂമിയും അതിജീവന കലയുടെ കളരിയുമായ ‘ഗസ്സ’ യിലേക്കുള്ള ലോക പണ്ഡിത സംഘത്തിന്റെ സന്ദർശനം ഇതിനകം തന്നെ ലോക മാധ്യമ ശ്രദ്ധ നേടിക്കഴിഞ്ഞു. എക്കാലത്തും സയണിസ്റ്റ് ഭീകരതക്കെതിരെയുള്ള തങ്ങളുടെ പോരാട്ടങ്ങൾക്ക് വീര്യം പകർന്ന പണ്ഡിതന്റെ സാന്നിദ്ധ്യം ഗസ്സൻ പോരാളികൾക്ക് കരുത്ത് പകരുന്നതായിരിക്കും. സന്ദർശനവുമായി ബന്ധപ്പെട്ട എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയതായി രിദ്‌വാൻ അറിയിച്ചു.

## അമേരിക്കക്ക് ബശ്ശാർ വിവരം ചോർത്തി നൽകിയെന്ന് ‘വീക്കിലീക്സ്’

**ജോർജ്** ബുഷിന്റെ കാലത്ത് നടന്ന ഇറാഖ് ദഹനത്തിന് സിറിയൻ ഏകാധിപതി ബശ്ശാറുൽ അസദ് രഹസ്യവിവരങ്ങൾ ചോർത്തി നൽകിയതായി ‘വിക്കിലീക്സ്’ വെളിപ്പെടുത്തൽ. ഇറാഖിനെ അമേരിക്ക ആക്രമിക്കുന്ന പക്ഷം ഇറാഖിലെ സദ്ദാം അനുകൂല പോരാളികളുടെ നീക്കങ്ങളുമായി ബന്ധപ്പെട്ട രഹസ്യ വിവരങ്ങൾ കൈമാറാമെന്നറിയിച്ച് ബശ്ശാർ




ബുഷിനയച്ച രഹസ്യ സന്ദേശമാണ് ‘വിക്കിലീക്സ്’ പുറത്തുവിട്ടത്. സ്വന്തം താൽപര്യങ്ങൾക്ക് വേണ്ടി അറബ് ഏകാധിപതികൾ സഹോദരങ്ങളെപോലും എങ്ങനെ ഒറ്റുകൊടുക്കുന്നുവെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് വിക്കിലീക്സ്’ പുറത്തുവിട്ട രേഖ. ഇറാഖ് യുദ്ധത്തിൽ അമേരിക്കയുടെ നീക്കങ്ങൾ ഇത്തരം രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു.



ഹാമിദ് കർസായി

# അമേരിക്ക കർസായിയെ വിലക്ക് വാങ്ങുന്ന വിധം

**'രഹസ്യ** പണം' ഉപയോഗിച്ച് അമേരിക്ക അഫ്ഗാൻ പ്രസിഡന്റ് ഹാമിദ് കർസായിയെ വിലയ്ക്കു വാങ്ങിയതായി *ന്യൂ യോർക്ക് ടൈംസി*ന്റെ വെളിപ്പെടുത്തൽ.വർഷങ്ങളായി ഹാമിദ് കർസായിയുടെ ഓഫീസിലേക്ക് സി.ഐ.എ ദശലക്ഷക്കണക്കിന് ഡോളർ രഹസ്യമായി എത്തിക്കുന്നതായാണ് കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ച റിപ്പോർട്ടിലുള്ളത്. എന്നാൽ പണം എവിടുന്ന് വരുന്നുവെന്നും എന്തിനുവേണ്ടി ചെലവഴിക്കുന്നുവെന്നും മറ്റുമുള്ള വിവരങ്ങൾ വളരെ രഹസ്യമായി സൂക്ഷിക്കുന്നതായും റിപ്പോർട്ട് പറയുന്നു. സമാധാന ചർച്ചയുമായി ബന്ധപ്പെട്ട വിഷയം വരുമ്പോഴെല്ലാം അമേരിക്കക്ക് വേണ്ടി അടിമപ്പണി ചെയ്യുന്ന കർസായിയുമായി ചർച്ച നടത്തുന്നതിൽ കാര്യമില്ലെന്നാണ് താലിബാൻ പറയാറുള്ളത്.

# റോഹിങ്ക്യ മുസ്‌ലിംകളുടെ കാര്യത്തിൽ ആശങ്ക

**മ്യാന്മറിൽ** നിരന്തരം പീഡനങ്ങൾക്കിരകളാകുന്ന റോഹിങ്ക്യ മുസ്‌ലിം ന്യൂനപക്ഷങ്ങളുടെ കാര്യത്തിൽ ആശങ്കയുണ്ടെന്നും വിഷയം അനുഭാവ പൂർവം പരിഗണിക്കണമെന്നും ഇന്തോനേഷ്യൻ പ്രസിഡന്റ് സുസിലോ ബാംബാങ്, മ്യാന്മർ പ്രസിഡന്റ് തെൻ സൈനിനോട് ആവശ്യപ്പെട്ടു. കലാപത്തിൽ നിരവധി റോഹിങ്ക്യ മുസ്‌ലിംകൾ ഇതിനകം കൊല്ലപ്പെട്ടു. കുടിയിറക്കപ്പെട്ട അനേകായിരങ്ങളാണ് അഭയാർഥി ക്യാമ്പുകളിൽ കഴിയുന്നത്. ഇവരുടെ പുന



രധിവാസമടക്കമുള്ള പ്രശ്നങ്ങൾ അനുഭാവ പൂർണം പരിഗണിക്കണമെന്നും ഇന്തോനേഷ്യൻ പ്രസിഡന്റ് അഭ്യർഥിച്ചു.